സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ബഹു: തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ ശ്രീ. കെ. രാഘവൻ അവർകളുടെ പേഴ്സണൽ സെക്രട്ടറി, ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായർ (ഡയറ്കടർ, സാംസ്ക്കാരിക-പുരാവസ്തു വകുപ്പ്) 31-01-2017 -ൽ റിട്ടയർ ചെയ്യുന്നതിനാൽ ആയതിന് ശേഷവും പേഴ്സണൽ സെക്രട്ടറി ആയി തുടരുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 3507/16/Est-1 നന്തൻകോട്, 27/1/2017

---

## ഉത്തരവ്

ബഹുമാനപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് മെമ്പർ ശ്രീ. കെ. രാഘവൻ അവർകളുടെ പേഴ്സണൽ സെക്രട്ടറി, ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായർ (ഡയറക്ടർ, സാംസ്ക്കാരിക-പുരാവസ്തു വകുപ്പ്) 31-01-2017 -ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നതിനാൽ അദ്ദേഹത്തിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ഒരു നിശ്ചിത തുക ഹോണറേറിയം നിശ്ചയിച്ച് പേഴ്സണൽ സെക്രട്ടറിയായി തുടരുന്നതിനും അനുവദിക്കണമെന്ന് വിവരിച്ച് ബഹു: മെമ്പർ ശ്രീ. കെ. രാഘവൻ അവർകളുടെ 24-01-2017 ലെ പരാമർശ നോട്ട് ലഭിച്ചു.

ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായർ റിട്ടയർ ചെയ്തതിന് ശേഷം 01-02-2017 മുതൽ ബഹു: മെമ്പർ ശ്രീ. കെ. രാഘവൻ അവർകളുടെ പേഴ്സണൽ സെക്രട്ടറിയായി പ്രതിമാസം 20,000/- (ഇരുപതിനായിരം രൂപ) ഹോണറേറിയം വ്യവസ്ഥയിൽ തുടരുന്നതിന് അനുവദിച്ചും റിട്ടയർമെന്റിനുശേഷം ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായരുടെ പെൻഷൻ ആനുകൂല്യങ്ങൾ നിലവിലുള്ള വ്യവസ്ഥപ്രകാരം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ശ്രീ. ജി. ഉണ്ണികൃഷ്ണൻ നായർ, ഡയറക്ടർ, സാംസ്ക്കാരിക-പുരാവസ്തു വകുപ്പ്
3. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
4. ബഹു: മെമ്പർ -1 ന്റെ പേഴ്സണൽ സെക്രട്ടറി
5. ബഹു: മെമ്പർ -2 ന്റെ പേഴ്സണൽ സെക്രട്ടറി
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

SK